**Series : HGFE1** **SET ~ 4**

**Q.P. Code 12**

**Roll No.**

Candidates must write the Q.P. Code on the title page of the answer-book.

**നിർദേശങ്ങൾ / NOTE :**

(I) ചോദ്യപേപ്പറിൽ അച്ചടിച്ച **15** പുറങ്ങളുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
Please check that this question paper contains **15** printed pages.

(II) പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുമുകൾഭാഗത്ത് കൊടുത്തിരിക്കുന്ന ചോദ്യപേപ്പർ കോഡ് ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.
Q.P. Code given on the right hand side of the question paper should be written on the title page of the answer-book by the candidate.

(III) ചോദ്യപേപ്പറിൽ **9** ചോദ്യങ്ങൾ ഉണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
Please check that this question paper contains **9** questions.

(IV) **ഉത്തരം എഴുതുന്നതിനു മുമ്പായി ഉത്തരക്കടലാസ്സിൽ തന്നിട്ടുള്ള ഇടങ്ങളിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**
**Please write down the Serial Number of the question in the answer-book at the given place before attempting it.**

(V) ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. രാവിലെ 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.
15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the candidates will read the question paper only and will not write any answer on the answer-book during this period.

#

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : **3** മണിക്കൂർ* — *ആകെ മാർക്ക് : **80***

*Time allowed : **3** hours* — *Maximum Marks : **80***

**General Instructions :**

(i) *This question paper is divided into* ***two*** *sections.*

(ii) *It has total* ***9*** *questions.*

(iii) ***Section A :*** *4 questions no. 1 to 4.*

(iv) ***Section B :*** *5 questions no. 5 to 9.*

*Attempt questions as per specific instructions.*

*Write question no. in answer book before attempting it.*

*ചോദ്യപേപ്പർ* ***2*** *വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു ആകെ* ***9*** *ചോദ്യങ്ങൾ ഉണ്ട്.*

*എ വിഭാഗത്തിൽ 4 ചോദ്യങ്ങൾ ഒന്നുമുതൽ നാല് (ജെ) വരെ. (1 മുതൽ 4 വരെ)*

*ബി വിഭാഗത്തിൽ 5 ചോദ്യങ്ങൾ 5(a) മുതൽ 9(c) വരെ. (5 മുതൽ 9 വരെ)*

*തന്നിരിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.*

*ഉത്തരം എഴുതുന്നതിനു മുമ്പായി ഉത്തരക്കടലാസ്സിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.*

## എ വിഭാഗം / SECTION A

**1.** തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും ഒരു മാർക്ക് വീതം) (Reading Comprehension) *8×1=8*

ഷൊർണ്ണൂരിൽ നിന്ന് തെക്കോട്ടു യാത്രചെയ്യുമ്പോൾ നിളയുടെ മറുകരയിൽ ചെറുതുരുത്തി, കേരളത്തിന്റെ സാംസ്കാരികയശസ്സിന്റെ പ്രഭവകേന്ദ്രമായ നദീതീരം. മഹാകവി വള്ളത്തോൾ യുവാവായിരിക്കെ, തന്റെ ജന്മദേശമായ തിരൂർ വിട്ട് ചെറുതുരുത്തിയിലേക്കു താമസം മാറ്റിയതോടെയാണ് ഈ പ്രദേശത്തിന്റെ ആധുനിക ചരിത്രവും ഖ്യാതിയും വികസിക്കുന്നത്. ഇവിടെ ഒരു മാളികവീട്ടിലാണ് യൗവനം മുതൽ അന്ത്യനാളുകൾവരെ കുടുംബത്തോടൊപ്പം മഹാകവി താമസിച്ചിരുന്നത്. പിന്നീട് ഈ ഭവനം ഗവൺമെന്റ് ഏറ്റെടുത്ത്

വള്ളത്തോൾ മ്യൂസിയമായി സംരക്ഷിച്ചുവരുന്നു. കർമ്മനിരതമായിരുന്ന ആ മഹത്ജീവിതത്തിന്റെ ചില ബാക്കിപത്രങ്ങൾ ഇവിടുത്തെ സൂക്ഷിപ്പിലുണ്ട്. മഹാകവി ഉപയോഗിച്ചിരുന്ന ഊന്നുവടികൾ, പാദരക്ഷകൾ, മഹാകവിയുടെ കൈപ്പടയിൽ ഉള്ള ഋഗ്വേദവിവർത്തനത്തിലെ ചില താളുകൾ, വിദേശയാത്രകളിൽ നിന്നുള്ള ചിത്രങ്ങൾ എന്നിവ അവിടെ സൂക്ഷിച്ചിട്ടുണ്ട്. 1930-ൽ വള്ളത്തോൾ നാരായണമേനോനും, മണക്കുളം മുകുന്ദരാജയും ചേർന്ന് പരിശ്രമിച്ചതിന്റെ ഫലമായാണ് കലാമണ്ഡലം സ്ഥാപിതമായത്. അന്ന് ക്ഷയിച്ചുതുടങ്ങിയ കഥകളി, കൂത്ത്, കൂടിയാട്ടം, മോഹിനിയാട്ടം എന്നീ കേരളത്തിന്റെ തനതായ പരമ്പരാഗത കലാരൂപങ്ങളെ സംരക്ഷിച്ച് പ്രചരിപ്പിക്കുവാനുള്ള ഒരു മഹാദൗത്യത്തിന്റെ തുടക്കമായിരുന്നു കലാമണ്ഡലം. 1973-ൽ കളരികളും ക്ലാസുകളും പുതിയ വിശാലമായ കാംപസ്സിലേക്കു മാറ്റി. കലാമണ്ഡലത്തിലെ പഴയ കളരി ഇപ്പോൾ കലാമണ്ഡലത്തിന്റെ ചരിത്രസ്മൃതികൾ സൂക്ഷിച്ചിരിക്കുന്ന ഒരു പ്രദർശനശാലയാണ്. കലാമണ്ഡലത്തിലെ കഥകളി, കൂടിയാട്ടസംഘങ്ങൾ രാജ്യത്തിനകത്തും പുറത്തും നിരവധിതവണ സഞ്ചരിച്ചിട്ടുണ്ട്. ഈ യാത്രകൾ വഴി കഥകളിയും, കൂടിയാട്ടവും ഇന്ന് അന്തർദേശീയമായ പ്രശസ്തി ആർജിച്ചു കഴിഞ്ഞു. വിദേശീയരായ ആരാധകർ ഈ പ്രാക്തനകലകളുടെ ഉത്ഭവകേന്ദ്രം തേടി കലാമണ്ഡലത്തിൽ വന്നുചേരുന്നത് പതിവായിട്ടുണ്ട്. പഴയ കലാമണ്ഡലത്തിനു തൊട്ട് നിളയുടെ തീരത്തുതന്നെയാണ് മഹാകവി വള്ളത്തോളിന്റെ സമാധി. ഏറ്റെകുത്ത ദൗത്യങ്ങൾ ഏറേയും നിർവ്വഹിക്കാൻ വള്ളത്തോളിന് കഴിഞ്ഞു. അതീവസഫലമായ ഒരു ജീവിതം തന്നെയായിരുന്നു വള്ളത്തോളിന്റേത്.

**ചോദ്യങ്ങൾ :**

(i) മഹാകവി വള്ളത്തോളിന്റെ സമാധി എവിടെയാണ് ?

(ii) ചെറുതുരുത്തി എന്ന പ്രദേശത്തിന്റെ ആധുനികചരിത്രവും ഖ്യാതിയും വികസിക്കാൻ ഇടയായത് എങ്ങനെ ?

(iii) വള്ളത്തോളിന്റെ ജീവിതത്തിന്റെ ബാക്കിപത്രങ്ങളായി എന്തെല്ലാമാണ് മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുള്ളത് ?

(iv) വള്ളത്തോൾ താമസിച്ചിരുന്ന മാളികവീട് പിന്നീട് എന്തായി മാറി ?

(v) ഏത് മഹാ ദൗത്യത്തിനാണ് കലാമണ്ഡലം തുടക്കം കുറിച്ചത് ?

(vi) കഥകളിക്കും കൂടിയാട്ടത്തിനും അന്തർദേശീയമായ പ്രശസ്തി ആർജിക്കാൻ കഴിഞ്ഞത് എങ്ങനെ ?

(vii) ആരെല്ലാമാണ് പ്രാക്തനകലകളുടെ ഉത്ഭവകേന്ദ്രം തേടി കലാമണ്ഡലത്തിൽ പതിവായി വന്നുചേരുന്നത് ?

(viii) മുകളിൽ കൊടുത്തിരിക്കുന്ന ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം എഴുതുക.

**2.** തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക : (ഓരോന്നിനും ഒരു മാർക്ക് വീതം) (Reading Comprehension) *7×1=7*

ഒരു പ്രത്യേക പരിസ്ഥിതി വ്യൂഹത്തിന് മാത്രമായി രൂപംകൊണ്ട ഒരേയൊരു അന്താരാഷ്ട്ര പാരിസ്ഥിതിക ഉടമ്പടിയാണ് റാംസർ ഉടമ്പടി. 1971 ഫെബ്രുവരി 2ന് ഇറാനിലെ കാസ്പിയൻ കടൽത്തീരത്തുള്ള റാംസർ പട്ടണത്തിൽ ഒത്തുകൂടിയ ലോക രാഷ്ട്രങ്ങളുടെ പ്രതിനിധികളാണ് ഈ ഉടമ്പടിക്ക് രൂപം നൽകിയത്. എന്നാൽ 1975 ഡിസംബർ 21-നാണ് റാംസർ ഉടമ്പടി നിലവിൽ വന്നത്. പരിസ്ഥിതി പ്രാധാന്യമുള്ള തണ്ണീർത്തടങ്ങളുടേയും വിഭവങ്ങളുടേയും

സംരക്ഷണവും വിവേകപൂർവ്വമായ വിനിയോഗവും ആണ് റാംസർ ഉടമ്പടിയുടെ ലക്ഷ്യം. റാംസർ ഉടമ്പടിയിൽ പറയുന്ന നിർവ്വചനങ്ങൾ അനുസരിച്ച് ജല സാന്നിധ്യമുള്ളതും ആ ജലസാമീപ്യത്താൽ നിലനിൽക്കുന്ന, ചില പ്രത്യേകതരം സസ്യജീവജാലങ്ങളും ഉൾപ്പെടുന്ന സവിശേഷമായ ആവാസഇടങ്ങളാണ് തണ്ണീർത്തടങ്ങൾ. ചെറുതും വലുതുമായ തടാകങ്ങൾ, നദികൾ, അരുവികൾ, അഴിമുഖങ്ങൾ, ഡെൽറ്റകൾ, കണ്ടൽ പ്രദേശങ്ങൾ, ചതുപ്പ് പ്രദേശങ്ങൾ, താഴ്ന്നനിരപ്പിലുള്ള നെൽവയലുകൾ, പവിഴപ്പുറ്റ് നിറഞ്ഞ പ്രദേശങ്ങൾ, അണക്കെട്ടുകൾ തുടങ്ങിയവയെല്ലാം തണ്ണീർത്തടത്തിൽ ഉൾപ്പെടും. ലോകത്ത് ഏറ്റവും കൂടുതൽ തണ്ണീർത്തടങ്ങൾ ഉള്ള രാജ്യം യുണൈറ്റഡ് കിങ്ഡ്ഡം ആണ്. അന്റാർട്ടിക്ക ഒഴികെയുള്ള എല്ലാ ഭൂഖണ്ഡങ്ങളിലും തണ്ണീർത്തടങ്ങൾ കാണപ്പെടുന്നു. തണ്ണീർത്തടങ്ങൾ മൂന്ന് തരത്തിലുള്ളതായി കണക്കാക്കുന്നു. സമുദ്രതീരതണ്ണീർത്തടങ്ങൾ, ഉൾനാടൻ തണ്ണീർത്തടങ്ങൾ, മനുഷ്യനിർമ്മിതതണ്ണീർത്തടങ്ങൾ എന്നിവയാണവ. 1997 ഫെബ്രുവരി 2 മുതൽ എല്ലാവർഷവും ഫെബ്രുവരി 2 ലോകതണ്ണീർത്തടദിനമായി ആചരിച്ചുവരുന്നു. 1982 ഫെബ്രുവരി ഒന്നിനാണ് ഇന്ത്യ റാംസർ ഉടമ്പടിയിൽ ഒപ്പുവെയ്ക്കുന്നത്. പുതുതായി മൂന്ന് റാംസർ സങ്കേതങ്ങൾ പ്രഖ്യാപിച്ചുകൊണ്ടാണ് 2024-ൽ ഇന്ത്യ ലോക തണ്ണീർത്തടദിനം ആഘോഷിച്ചത്. 2021-പ്രകാരം കേരളത്തിൽ മൂന്ന് റാംസർ സങ്കേതങ്ങളാണ് ഉണ്ടായിരുന്നത്. അഷ്ടമുടികായൽ, വേമ്പനാട്ട്, ശാസ്താംകോട്ടകായൽ എന്നിവയാണവ. ഇവയിൽ വേമ്പനാട്ട് കോൾനിലങ്ങൾ കേരളത്തിലെ ഏറ്റവും വിസ്തൃതി കൂടിയ തണ്ണീർത്തടമാണ്. തണ്ണീർത്തടങ്ങളുടെ നിലനിൽപ്പ് പ്രകൃതിയിൽ സന്തുലിതാവസ്ഥ നിലനിർത്താൻ സഹായിക്കുന്നു. അമിതമായ ചൂട് നിയന്ത്രിച്ച് ജീവന് അനുകൂലമായ കാലാവസ്ഥയെ പരിപാലിച്ചു് പോരുന്നതും ഈ നീർത്തടങ്ങളാണ്.

**ചോദ്യങ്ങൾ :**

(i) എവിടെവെച്ചാണ് റാംസർ ഉടമ്പടിയ്ക്ക് രൂപം നൽകിയത് ?

(ii) റാംസർ ഉടമ്പടിയുടെ ലക്ഷ്യം എന്ത് ?

(iii) പ്രകൃതിയിൽ സന്തുലിതാവസ്ഥ നിലനിർത്താൻ സഹായകമാകുന്നത് എന്ത് ?

(iv) തണ്ണീർത്തടങ്ങൾ കാണപ്പെടാത്ത ഭൂഖണ്ഡം ഏത് ?

(v) എന്നാണ് ലോക തണ്ണീർത്തടദിനമായി ആചരിക്കുന്നത് ?

(vi) ഇന്ത്യ റാംസർ ഉടമ്പടിയിൽ ഒപ്പുവെച്ചത് എന്നാണ് ?

(vii) കേരളത്തിലെ ഏറ്റവും വിസ്തൃതികൂടിയ തണ്ണീർത്തടം ഏത് ?

**3.** തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക : *7×1=7*

(i) 'രക്തം' എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ് ?

(A) നിണം (B) ത്വക്ക്

(C) ഗ്രീവം (D) വഹ്നി

(ii) 'ധീരൻ' എന്ന പദത്തിന്റെ എതിർലിംഗം ഏത് ?

(A) ധീരസി (B) ധീര

(C) ധീരണി (D) ധീരസിനി

(iii) 'ദർദുരം' എന്ന പദത്തിന്റെ ശരിയായ അർത്ഥം ഇവയിൽ ഏതാണ് ?

(A) പാമ്പ് (B) തവള

(C) കുതിര (D) ആന

(iv) 'പ്രഭവം-പ്രഭാവം' എന്നീ വാക്കുകളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നവയിൽ ഏതാണ് ?

(A) ഉത്ഭവം - മഹത്വം (B) വിനയം - ഒഴുക്ക്

(C) പരിഭവം - സത്യം (D) അവസാനം - രാജ്യം

(v) 'കുശചീരങ്ങൾ' എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം ഏത് ?

(A) കുശത്തിലെ ചീരം (B) കുശത്തിന്റെ ചീരം

(C) കുശവും ചീരവും (D) കുശമാകുന്ന ചീരം

(vi) 'പാടലം' എന്ന പദത്തിന്റെ നാനാർത്ഥപദം അല്ലാത്തത് ഇവയിൽ ഏതാണ് ?

(A) രോഗം (B) ഇളം ചുവപ്പ്നിറം

(C) കുതിര (D) കുങ്കുമം

(vii) 'ശബ്ദം ഇല്ലാതെ' എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്ന ഒറ്റപ്പദം ഏത് ?

(A) ശബ്ദാവലി (B) ദുശ്ശബ്ദം

(C) നിശ്ശബ്ദം (D) ശബ്ദമുഖരിതം

(viii) 'ശ്രദ്ധാഞ്ജലി' - എന്ന പദത്തിന്റെ ശരിയായ പിരിച്ചെഴുത്ത് എന്ത് ?

(A) ശ്രദ്ധ + ഞ്ജലി

(B) ശ്രദ്ധ + അഞ്ജലി

(C) ശ്രദ്ധാ + ഞ്ജലി

(D) ശ്രദ്ധാ + അഞ്ജലി

(ix) 'രഹിതം' എന്ന പദത്തിന്റെ വിപരീതപദം എന്ത് ?

(A) സഹിതം (B) ആഹിതം

(C) വഹിതം (D) നിർഹിതം

(x) തന്നിരിക്കുന്ന പദങ്ങളിൽ ശരിയായ പദം കണ്ടെത്തി എഴുതുക ?

(A) ശാഠ്യം (B) ശാട്യം

(C) ശാഡ്യം (D) ശാട്ട്യം

**4.** തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഒമ്പതെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക. (ഓരോന്നിനും ഒരു മാർക്ക് വീതം) (ഓരോന്നിലും രണ്ട് ഉപചോദ്യങ്ങൾ ഉണ്ട്). *9×2=18*

(a) (i) ഭക്തിയിലൂടെ ഒരു ജനതയെ പരിവർത്തിപ്പിക്കുക എന്ന ചരിത്രദൗത്യം നിർവഹിച്ച കവി ആര് ?

(A) കുമാരനാശാൻ (B) ചെറുശ്ശേരി

(C) കുഞ്ചൻനമ്പ്യാർ (D) എഴുത്തച്ഛൻ

(ii) ഏത് നൂറ്റാണ്ടിലാണ് അദ്ദേഹം ജീവിച്ചിരുന്നത് ?

(A) പതിനേഴാം നൂറ്റാണ്ട്

(B) പതിനഞ്ചാം നൂറ്റാണ്ട്

(C) പതിനെട്ടാം നൂറ്റാണ്ട്

(D) പതിനാറാം നൂറ്റാണ്ട്

(b) ‘‘ഏവമോതിയിടരാർന്നു കണ്ണുനീർ
തൂവിനാൾ മൊഴി കുഴങ്ങി നിന്നവൾ’’

(i) ആരാണ് മൊഴി കുഴങ്ങി നിന്നത് ?

(A) മകന്റെ ഭാര്യ

(B) പാഞ്ചാലി

(C) നളിനി

(D) അമ്മ

(ii) ഈ വരികൾ എഴുതിയ കവി ഏതു മാസികയുടെ പത്രാധിപരായിരുന്നു ?

(A) വിവേകോദയം

(B) രാജ്യസമാചാരം

(C) ഭാഷാപോഷിണി

(D) വിദ്യാവിനോദിനി

(c) "അതവടെ ഇരുന്നോട്ടെ ചാക്കുണ്ണ്യേ, തിരിച്ചു കൊണ്ടു പോവുമ്പോ നെനക്കെടുക്കാലോ."

(i) എന്ത് എടുക്കാമെന്നാണ് പറയുന്നത് ?

(A) റേഡിയോ

(B) സ്വർണമാല

(C) ബാറ്ററി

(D) കുപ്പായം

(ii) ആരാണ് ഇപ്രകാരം പറഞ്ഞത് ?

(A) ചെമ്പുമത്തായി

(B) കണ്ടക്ടർ സുകുമാരൻ

(C) കുഞ്ഞനം

(D) പ്രാഞ്ചീസ്

(d) (i) ദ്രൗണിയുടെ ശിരസ്സിലുള്ള സഹജമായ രത്നം ഏത് ?

(A) ചൂഡാമണി

(B) ബ്രഹ്മശിരസ്സ്

(C) ഗോമേദകം

(D) മാണിക്യം

(ii) ദ്രൗണിയുടെ ശിരസ്സിലുള്ള സഹജമായ ഈ രത്നം കൊണ്ടുവരാൻ ഭീമനെ പ്രോത്സാഹിപ്പിച്ചത് ആര് ?

(A) നകുലൻ

(B) അർജ്ജുനൻ

(C) പാഞ്ചാലി

(D) ഉത്തര

(e) (i) ‘‘സ്വയം ബുദ്ധികെട്ടു കരിന്തിരിയാളുംവരെ’’ ഇവിടെ ‘കരിന്തിരി’ എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത് എന്ത് ?

(A) ബാല്യാവസ്ഥ (B) യൗവനാവസ്ഥ

(C) വാർധക്യാവസ്ഥ (D) കൗമാരാവസ്ഥ

(ii) പുറത്തേയ്ക്ക് അശാന്തനായി കാറ്റുകൊള്ളാൻ ഇറങ്ങിയത് ആരാവാം എന്നാണ് കവി പറയുന്നത് ?

(A) അമ്മ

(B) ഈശ്വരൻ

(C) മകൻ

(D) മകന്റെ ഭാര്യ

(f) ‘‘നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയും.’’

(i) ‘നാളം’ എന്നതുകൊണ്ട് സൂചിപ്പിച്ചിരിക്കുന്നത് എന്തിനെയാണ് ?

(A) നെയ്യാമ്പലുകളെ

(B) ദീപക്കുറ്റിയെ

(C) സൂര്യനെ

(D) തുമ്പപ്പൂവിനെ

(ii) ഈ വരികൾ എഴുതിയത് ആര് ?

(A) കുമാരനാശാൻ

(B) റഫീക്ക് അഹമ്മദ്

(C) വൈലോപ്പിള്ളി ശ്രീധരമേനോൻ

(D) എഴുത്തച്ഛൻ

(g) (i) ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി നീണ്ടുപോകുന്നതെന്ത് ?

(A) ചവിട്ടടിപ്പാത (B) നെടുവരമ്പ്

(C) പറമ്പ് (D) വെട്ടുവഴി

(ii) അലക്കിയ തുണികളുടെ കെട്ട് ചുമലിൽ ഞാത്തി എതിരേ വന്നത് ആര് ?

(A) കുട്ട്യസ്സൻ മാപ്പിള (B) പാറാവുകാരൻ

(C) അമ്മിണിയേടത്തി (D) നീലി

(h) (i) പാഠഭാഗത്ത് പരാമർശിക്കുന്ന ബ്രഹ്മതേജോഭവമായ അസ്ത്രമേത് ?

(A) നാഗാസ്ത്രം (B) പാശുപതാസ്ത്രം

(C) ബ്രഹ്മശിരസ്സ് (D) ഭാർഗ്ഗവാസ്ത്രം

(ii) ഈ അസ്ത്രത്തെ ആർക്കാണ് പ്രതിസംഹരിക്കാൻ കഴിയുന്നത് ?

(A) തപസ്സുചെയ്യുന്നവന്

(B) യുദ്ധത്തിൽ വിജയിക്കുന്നവന്

(C) ആയുധവിദ്യ അഭ്യസിച്ചവന്

(D) ബ്രഹ്മചര്യവ്രതം അനുഷ്ഠിച്ചവന്

(i) "എന്റെ ഉള്ളുപൊട്ടുന്നു, എന്റെ പ്രാണൻ പറിയുന്നു"

(i) ഇപ്രകാരം പറഞ്ഞത് ആര് ?

(A) വെള്ളായിയപ്പൻ (B) ചാക്കുണ്ണി

(C) കുട്ട്യസ്സൻ മാപ്പിള (D) ചെമ്പുമത്തായി

(ii) എവിടെവെച്ചാണ് ഇങ്ങനെ പറഞ്ഞത് ?

(A) കടൽത്തീരത്ത്

(B) ചവിട്ടടിപ്പാതയിൽ

(C) തയ്യൽക്കടയിൽ

(D) ചെമ്പുമത്തായിയുടെ വീട്ടിൽ

(j) “ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകിലാം
വെന്തുവെണ്ണീറായ് ചമഞ്ഞു പോയീടിലാം”

(i) എന്തിനെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത് ?

(A) മോഹം

(B) ദേഹം

(C) കളത്രം

(D) ഭോഗം

(ii) ധർമ്മക്ഷയത്തിന് കാരണം എന്ത് ?

(A) ക്രോധം

(B) മുക്തി

(C) വിദ്യ

(D) അഭിമാനം

## ബി വിഭാഗം / SECTION B

**5.** (a) അംഗവാക്യം, അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക : *2 ×1=2*

(i) അവർ ക്ഷണത്തിൽ വഴിക്കുവെച്ച് ഭീമനെ കണ്ടെത്തിയെങ്കിലും ക്രോധദീപ്തനായ അദ്ദേഹത്തെ തടഞ്ഞു നിർത്താൻ കഴിഞ്ഞില്ല.

(ii) ദ്രവിച്ച റബ്ബർ ചെരുപ്പിട്ട് ആണി ബാധിച്ച കാലുകൾ മണ്ണിലൂടെ ഇഴച്ചുകൊണ്ട് അയാൾ തിരിഞ്ഞുനോക്കാതെ നടന്നു.

(b) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. *2 ×1=2*

(i) ചുറ്റുപാടും നിരവധി അനേകം ആളുകൾ ഉണ്ടായിരുന്നിട്ടും പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തത അപ്പോൾ അയാളെ വലയംചെയ്തു.

(ii) പുഴയുടെ മധ്യത്തിൽ നടുക്ക് എത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി.

(c) പ്രയോഗം മാറ്റുക : *2 ×1=2*

(i) ചാക്കുണ്ണി ഒരുകുട്ടിയുടെ പടമുള്ള മർഫി റേഡിയോ വാങ്ങി.

(ii) ഒരു പാറാവുകാരൻ വെള്ളായിയപ്പനെ തടവറയുടെ ഉള്ളിലേക്കു കൂട്ടിക്കൊണ്ടുപോയി.

(d) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകുംവിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക : *2 ×1=2*

(i) വ്യസനിക്കുക

(ii) സഹാനുഭൂതി

(iii) പ്രോത്സാഹിപ്പിക്കുക

**6.** (a) താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക. *5*

(i) സമൂഹത്തിൽ വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ.

**OR (അല്ലെങ്കിൽ)**

(ii) പ്രകൃതിക്ഷോഭങ്ങളും അതിജീവനവും

(b) നിങ്ങളുടെ നാട്ടിൽ വൃത്തിഹീനമായ സാഹചര്യത്തിൽ ഹോട്ടലുകൾ പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടും, ഈ ഹോട്ടലുകൾക്കെതിരെ എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ടും ഭക്ഷ്യവകുപ്പ് മന്ത്രിക്ക് നിങ്ങൾ ഒരു കത്ത് എഴുതുക. *5*

(c) പണത്തിനുവേണ്ടി കൊച്ചുകുട്ടിയെ തട്ടിക്കൊണ്ടുപോയവരെ അതിസാഹസികമായി പിടികൂടി, കുട്ടിയെ രക്ഷപെടുത്തിയ നാട്ടുകാരായ ചെറുപ്പക്കാരെ അഭിനന്ദിച്ചുകൊണ്ട് നടത്തിയ സമ്മേളനച്ചടങ്ങിനെക്കുറിച്ച് പത്രവാർത്ത തയ്യാറാക്കുക. *4*

**7.** തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. *2×3=6*

(a) 'പണയം' എന്ന ചെറുകഥയിൽ ചാക്കുണ്ണി എന്ന നിസ്സഹായനായ പിതാവിന്റെ അവസ്ഥ കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

(b) പാഴുതറയിലെ അമ്പതിൽ ചില്വാനം കുടിലുകളിൽ വിഷാദവും സഹാനുഭൂതിയും നിറയാൻ കാരണം എന്ത് ?

(c) "സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ടുവരുന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ വച്ചു മുങ്ങിപ്പോയി" ഈ സന്ദർഭം പാണ്ഡവരുടെ അവസ്ഥയുമായി എങ്ങനെ യോജിക്കുന്നു എന്ന് വിശദമാക്കുക ?

**8.** തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്കു മാത്രം ഉത്തരമെഴുതുക *2×3=6*

(a) "ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്കനീ." സന്ദർഭം, ആശയം എന്നിവ വിശദമാക്കുക ? ഈ ഉപദേശം എക്കാലത്തും പ്രസക്തമാണോ ? സ്വാഭിപ്രായം എഴുതുക.

(b) "കേണുവാണിവിടെ, യേകുമർത്ഥിയാം
പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ" സന്ദർഭം, ആശയം എന്നിവ വിശദമാക്കുക ?

(c) 'അമ്മത്തൊട്ടിൽ' എന്ന കവിതയിൽ അമ്മ തീരെ വൃദ്ധയും അവശയുമാണ് എന്നതിന് കവി നൽകുന്ന സൂചനകൾ ഏതെല്ലാമെന്ന് വിവരിക്കുക ?

**9.** തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്കു മാത്രം ഉത്തരമെഴുതുക : *2×3=6*

(a) ജീവജാലങ്ങളോടുള്ള കുഞ്ഞൻപിള്ളയുടെ സ്നേഹം വ്യക്തമാക്കുക.

(b) 'ചട്ടമ്പിസ്വാമികൾ കുട്ടികളുടെ ഒരു ലോകം തന്നെ തനിക്കു ചുറ്റും സൃഷ്ടിച്ചു' - വിവരിക്കുക.

(c) കുഞ്ഞൻപിള്ള ഹജൂർ കച്ചേരിയിലെ കണക്കെഴുത്ത് ജോലി ഉപേക്ഷിക്കാൻ കാരണം എന്ത് ?